# INDIAN SCHOOL AL WADI AL KABIR

| CLASS: VIII (2nd Lang.) | DEPARTMENT: MALAYALAM | DATE: 20/08/2023 |
|---|---|---|
| Class Note | Lesson: Letter Writing | Topic: Descriptive |

## അധികാരിക്കുള്ള കത്ത്

**പ്രേഷകൻ**

പേര്,

വീട്ടു പേര്,

പി.ഒ.,

ജില്ല.

**ഗ്രാഹകൻ**

ചെയർമാൻ,

കോട്ടയം മുൻസിപ്പാലിറ്റി,

കോട്ടയം

വിഷയം: രൂക്ഷമാകുന്ന മാലിന്യപ്രശ്നങ്ങൾ

ബഹുമാനപ്പെട്ട സാർ,

താങ്കളുടെ അടിയന്തരശ്രദ്ധ പതിയുന്നതിനു വേണ്ടിയാണ് ഞാൻ ഈ കത്തെഴുതുന്നത്. കോട്ടയം പട്ടണത്തിൽ ഗാന്ധിനഗറിൽ താമസക്കാരനായ വ്യക്തിയാണ് ഞാൻ. ഞങ്ങളുടെ പ്രദേശത്ത് കുറച്ചു നാളുകളായി മുൻസിപ്പാലിറ്റിയുടെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ വേണ്ടവിധം നടക്കുന്നില്ല.

പലയിടത്തും ചപ്പുചവറുകളും മാലിന്യങ്ങളും കുന്നുകൂടി കിടക്കുകയാണ്. ചിലപ്പോൾ ഒന്നും രണ്ടും ആഴ്ച കഴിയുമ്പോഴാണ് മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നത്. അഴുക്കുചാലുകളും വേണ്ടവിധം പ്രവർത്തിക്കുന്നില്ല.

ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പട്ടണത്തിലെ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ നടപടിയെടുക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

ഒപ്പ്

(പേര്)

സ്ഥലം

തീയതി